# സ്വാലിഹീങ്ങളുടെ ക്വബ്റുകളോടുള്ള അതിരുകവിഞ്ഞ സമീപനം

തീർച്ചയായും അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു:

«اللّهمّ لاَ تجْعَلْ قَبْرِي وَثَناً يُعْبَدُ, اشْتَدّ غَضَبُ اللّهِ عَلَىَ قَوْمٍ اتّخَذُوا قُبُورَ أَنْبِيَائِهِمْ مَسَاجِدَ»

"അല്ലാഹുവേ നീ എന്റെ ക്വബ്റിനെ ആരാധിക്കപ്പെടുന്ന ബിംബ മാക്കരുതേ. തങ്ങളുടെ നബിമാരുടെ ക്വബ്റുകളെ മസ്ജിദുകളാക്കിയ ഒരു വിഭാഗത്തോട് അല്ലാഹുവിന്റെ കോപം കഠിനമായിരിക്കുന്നു." [1]

('ലാത്ത'യെയും 'ഉസ്സ'യെയും പറ്റി നിങ്ങൾ ചിന്തിച്ച് നോ ക്കിയിട്ടുണ്ടോ?) എന്ന വി. ക്വു. 53: 19 ാം ആയത്തിന്റെ തഫ്സീറിൽ ഇമാം മുജാഹിദ്ﷺവിൽനിന്നും രിവായത്ത് ചെയ്യപ്പെടുന്നു. അദ്ദേഹം പറഞ്ഞു: ''ലാത്ത അവർക്ക് 'സവീക്' (ഒരുതരം മധുര പലഹാരം) പാകം ചെയ്തു നൽകിയിരുന്നു. അദ്ദേഹം മരണപ്പെട്ടു, അപ്പോൾ അവർ അദ്ദേഹത്തിന്റെ ക്വബ്റിനടുത്ത് ഭജനമിരുന്നു.''[2]

ഇപ്രകാരം അബുൽ ജൗസാﷺവിൽ നിന്നും, ഇബ്നു അബ്ബാസ്ﷺവിൽ നിന്നും നിവേദനം ചെയ്ത് പറയുന്നു: ''അദ്ദേഹം ഹാജിമാർക്ക് സവീക് പാകം ചെയ്തു നൽകാറുണ്ടായി രുന്നു.''(ഇബ്നു ജരീർ)

ഇബ്നു അബ്ബാസ്ﷺവിൽ നിന്നും നിവേദനം:

«لَعَنَ رَسُولُ اللهِ ﷺ زَائِرَاتِ الْقُبُورِ وَالْمُتّخِذِينَ عَلَيْهَا الْمَسَاجِدَ وَالسّرُجَ»

---

[1] അൽ മുവത്വ, ഇമാം മാലിക്. അൽബാനിയുടെ 'തഹ്ദീറുസ്സാജിദ് ' 18,19 നോക്കുക.

[2] തഫ്സീറു ഇബ്നി ജരീർ.

# കിതാബുത്തൗഹീദ് 2

"ക്വബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളേയും, അതിന്മേൽ വിളക്ക് വെക്കുന്നവരേയും പള്ളികളുണ്ടാക്കുന്നവരേയും അല്ലാഹുവിന്റെ റസൂൽﷺ ശപിച്ചിരിക്കുന്നു." [1]

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- 'ഔഥാൻ' എന്നതിന്റെ വിവരണം. (അഥവാ 'ഔഥാൻ' എന്നാൽ വിഗ്രഹങ്ങൾക്കും ജാറങ്ങൾക്കും പറയപ്പെടും. വിവ:)
- 'ഇബാദത്തി'ന്റെ വിവരണം.
- സംഭവിക്കുമെന്ന് ഭയക്കുന്നതിൽ നിന്നല്ലാതെ നബിﷺ അഭയം തേടിയിട്ടില്ല.
- നബിമാരുടെ മക്ബറകൾ ആരാധനാലയങ്ങളാക്കി സ്വീകരിച്ച തിനെ നബിﷺ ഇതിനോട് ചേർത്തത്.
- അല്ലാഹുﷻയിൽനിന്നുള്ള കോപത്തിന്റെ കാഠിന്യത്തെ പരാമർ ശിച്ചത്.
- ഏറ്റവും വലിയ വിഗ്രഹമായിരുന്ന ലാത്തയെ ആരാധിച്ച രീതി മനസ്സിലാക്കലാണ് ഈ അധ്യായത്തിലെ പ്രധാനപ്പെട്ട വിഷയം.
- സ്വാലിഹായ ഒരാളുടെ ക്വബ്റാണ് അത് എന്ന് മനസ്സിലാക്കൽ.
- ക്വബ്റാളിയുടെ പേരാണ് അത് എന്നും, പേരുവെച്ചതിലെ ആശയം അനുസ്മരിപ്പിക്കലും.
- ക്വബ്റുകൾ സന്ദർശിക്കുന്ന സ്ത്രീകളെ അദ്ദേഹം ശപിച്ചത്.
- ക്വബ്റുകളിൽ വിളക്ക് വെക്കുന്നവരെ ശപിച്ചത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

[1] സുനനു അബീദാവൂദ്, സുനനുത്തിർമുദി, സുനനുനസാഇ. അൽബാനിയുടെ 'തഹ്ദീറുസ്സാജിദ് ' 47 നോക്കുക.